## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 7892** **16.07.2014 ൽ മറുപടിയ്ക്ക്**

## ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഗാർഹിക ആവശ്യത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) 0.75 ക്യുബിക് മീറ്റർ മുതൽ 10 ക്യുബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു. |
| (ബി) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ച ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (ബി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് 68 ടേൺ കീ ഏജന്റുമാരെ അംഗീകരിച്ചിട്ടുണ്ട്. പട്ടിക ഉള്ളടക്കം ചെയ്യുന്നു. |
| (സി) സർക്കാർ നൽകുന്ന സബ്സിഡി തുകയും സർക്കാർ അംഗീകൃത ഏജൻസികൾ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഈടാക്കുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പ്ലാന്റിന്റെ വലിപ്പത്തിനും മാതൃകയ്ക്കും സ്ഥലത്തിന്റെ ഘടനയ്ക്കും അനുസരിച്ച് പ്ലാന്റുകളുടെ വിലയിൽ വ്യത്യാസം വരും. ഗുണ ഭോക്താക്കൾക്ക് തങ്ങളുടെ വീട്ടിൽ ലഭ്യമായിട്ടുള്ള സ്ഥലത്തിനും ജൈവമാലിന്യ ത്തിന്റെ അളവിനും അനുസരിച്ച് പ്ലാന്റിന്റെ മാതൃകയും വലിപ്പവും തീരുമാനിക്കാം. നിർമ്മാണ ചിലവ് ഉപഭോക്താവും നിർമ്മാണ ഏജന്റും തമ്മിൽ പരസ്പര ധാരണയോടെ തീരു മാനിക്കുന്നു. നിർമ്മാണക്കൂലി മാത്രം ടേൺ കീ ഏജന്റിനു നൽകിക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട മെറ്റീരിയൽസ് |

ഗുണഭോക്താവിന് സ്വന്തം ചെലവിൽ വാങ്ങി നൽകുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്.

0.75 ക്യുബിക് മീറ്റർ മുതൽ 10 ക്യുബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000/- രൂപ സബ്സിഡി നൽകുന്നു.

സെക്ഷൻ ഓഫീസർ